**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 169** **12-01-2021 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി ഫയർ സ്റ്റേഷൻ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം . ഉമ്മർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | മഞ്ചേരി ഫയർ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പിന്റെ എഫ് 2/5/2020-ാം നമ്പർ ഫയലിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | മഞ്ചേരി ഫയർസ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി വകുപ്പ് മേധാവി ലഭ്യമാക്കിയ 3 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റും പ്ലാനും ഉൾപ്പെടുന്ന എഫ്2/5/2020/ആഭ്യന്തരം നമ്പർ ഫയൽ ഭരണാനുമതി നൽകുന്ന കാര്യം ധന വകുപ്പിന്റെ പരിശോധനയിലാണ്. |
| (ബി) | മുൻ സാമ്പത്തിക വർഷത്തിൽ ആഭ്യന്തര വകുപ്പിന്റെ അക്കൗണ്ട് ശീർഷകത്തിൽ തുക വകയിരുത്തിയിട്ടും ഭരണാനുമതിക്കായി ധനകാര്യ വകുപ്പിന്റെ അനുമതി ആവശ്യപ്പെട്ടതിന്റെ കാരണം വിശദമാക്കാമോ; | (ബി) | 2019-20 സാമ്പത്തിക വർഷത്തെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II ൽ (ഭരണാനുമതി യില്ലാത്ത മരാമത്ത് പണികൾ) വാല്യം II ൽ മഞ്ചേരി ഫയർ & റെസ്ക്യൂ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി 60 ലക്ഷം രൂപ വകയിരുത്തിയിരുന്നു. എന്നാൽ ഉയർന്ന തുകയായ 3 കോടി രൂപയുടെ എസ്റ്റിമേറ്റാണ് ഭരണാനുമതിക്കായി ലഭ്യമാക്കിയിരുന്നത്. എസ്റ്റിമേറ്റ് തുക ബജറ്റിൽ വകയിരുത്തിയ തുകയിൽ നിന്നും അധികരിച്ച തുകയായതിനാൽ ധനകാര്യ വകുപ്പിന്റെ അനുമതി തേടി മാത്രമേ പരിഗണിക്കുവാൻ കഴിയുകയുള്ളൂ. |
| (സി) | നിലവിൽ പ്രസ്തുത ഫയലിന്മേൽ ധനകാര്യ വകുപ്പ് അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ധനകാര്യ വകുപ്പിന് ഫയൽ കൈമാറിയ തീയതി അറിയിക്കുമോ; | (സി) | ലഭ്യമാക്കിയിട്ടില്ല. 06.10.2020-ന്. |
| (ഡി) | നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഭരണാനുമതിയുമായി ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ? | (ഡി) | ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ